പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 926 07-02-2013-ൽ മറുപടിക്ക്

ചിതറ കുടിവെള്ള പദ്ധതി നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചിതറ കുടിവെള്ള പദ്ധതി നവീകരിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;<br>(ബി) ഇല്ലെങ്കിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സത്വരനടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും | ചിതറ കുടിവെള്ള പദ്ധതിയ്ക്കു വേണ്ടി 420 ലക്ഷം രൂപ അടങ്കൽതുക വരുന്ന എഞ്ചിനീയറിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ 2012 -ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പദ്ധതി തുക ഉദ്ദേശം 530ലക്ഷം രൂപയായി വർദ്ധിക്കുകയുണ്ടായി. അതനുസരിച്ച് പുതുക്കിയ റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പ്രോജക്റ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും താമസംവിനാ ലഭ്യമാക്കി പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ